എ. ഐ. ഒ. ഓഫീസുകളും സ്റ്റേഷൻ മാസ്റ്റർ ഓഫീസുകളും

82 [2951] ശ്രീ. ലൂഡി ലൂയിസ്:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുമ്പ് നിർത്തലാക്കിയ എത്ര എ. ഐ. ഒ. ഓഫീസുകളും സ്റ്റേഷൻ മാസ്റ്റർ ഓഫീസുകളും ഈ മന്ത്രിസഭ അധികാരത്തിൽ വന്ന ശേഷം പുനരാരംഭിച്ചിട്ടുണ്ട്;

(ബി) ഈ ഓഫീസുകൾ നിർത്തലാക്കിയപ്പോഴത്തെ വകുപ്പുമന്ത്രി ആരായിരുന്നു;

(സി) ഈ മന്ത്രിസഭ നിലവിൽ വന്നശേഷം എത്ര എ. ഐ. ഒ. ഓഫീസുകളും സ്റ്റേഷൻ മാസ്റ്റർ ഓഫീസുകളും പുതുതായി തുടങ്ങി;

(ഡി) പുതിയ സബ് ഡിപ്പോകൾ സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഭാഗികമായി പ്രവർത്തനം കുറച്ച 17 സബ് ഡിപ്പോകളും നിർത്തലാക്കിയ സ്റ്റേഷൻ മാസ്റ്റർ ഓഫീസുകളിൽ 7 എണ്ണവും പുനരാരംഭിച്ചിട്ടുണ്ട്.

(ബി) ശ്രീ. ആർ. ബാലകൃഷ്ണപ്പിള്ള.

(സി) ഐ. ഐ. ഒ. ഓഫീസുകൾ പുതുതായി തുടങ്ങിയിട്ടില്ല. രണ്ട് സ്റ്റേഷൻ മാസ്റ്റർ ഓഫീസുകൾ പുതുതായി തുടങ്ങിയിട്ടുണ്ട്.

(ഡി) കട്ടപ്പന, തലശ്ശേരി, പിറവം എന്നിവിടങ്ങളിൽ കെട്ടിടങ്ങളുടേയും, ഗ്യാരേജുകളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇവ പൂർത്തിയാകുന്ന മുറയ്ക്കും തിരുവനന്തപുരം മെഡിക്കൽ കോളേജ് പരിസരത്ത് സ്ഥലവും സൗകര്യവും ലഭ്യമാകുന്ന മുറയ്ക്കും ബസ്സ് സ്റ്റേഷനുകൾ തുറക്കുന്നതാണ്.

കൊടുങ്ങല്ലൂർ ബസ് സ്റ്റേഷന്റെ വികസനം

83 [2952] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷന്റെ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഗ്യാരേജ് നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിലവിൽ ഇല്ല

LIBRARY ARCHIVES Kerala Legislative Assembly